I/84945/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക. ജി. IAS )

വിഷയം:- വനിത ശിശു വികസന വകുപ്പ് – 2023 മാർച്ച് 8 – അന്താരാഷ്ട്ര വനിത ദിനം – കീഴ്ക്കാര്യാലയങ്ങളിലെ വാഹനങ്ങൾ ഡയറക്ടറേറ്റിലേയ്ക്ക് ചുമതലപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. വനിത ശിശു വികസന ഡയറക്ടറുടെ 25.02.2023 ലെ നം DWCD/293/2023-D1 ഉത്തരവ്

**ഉത്തരവ് നം. DWCD/293/2023-D1 ; തീയതി: 06-03-2023**

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിത ദിന പരിപാടികൾ 2023 മാർച്ച് 8 ന് കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ പരിധിയിൽ വരുന്ന പകുതിയോളം വാഹനങ്ങളെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നുവെങ്കിലും, പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി തിരുവനന്തപുരം ജില്ലയിലെ, വകുപ്പിന്റെ പരിധിയിൽ വരുന്ന, കരാർ വാഹനങ്ങൾ ഉൾപ്പെടെ മുഴുവൻ വാഹനങ്ങളും (ജില്ലാ വനിത ശിശുവികസന കാര്യാലയത്തിലെയും ജില്ലാ തല ഐസിഡിഎസ് സെല്ലിലെയും വാഹനങ്ങൾ ഒഴികെ) ഡ്രൈവർ സഹിതം ടി ദിവസം (08.03.2023) ഗാന്ധി പാർക്കിലെ സമാപന സമ്മേളനം കഴിയുന്നത് വരെ ഹാജരായിരിക്കുന്നതിന് ചുമതലപ്പെടുത്തിക്കൊണ്ട്, സൂചന പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസ്, തിരുവനന്തപുരം വനിത സംരക്ഷണ ഓഫീസ്, ഐസിപിഎസ്, ഐസിഡിഎസ് അർബൻ 3, ഐസിഡിഎസ് അർബൻ 4 ഐസിഡിഎസ് നേമം, ഐസിഡിഎസ് അതിയന്നൂർ എന്നീ കാര്യാലയങ്ങളിലെ വാഹനങ്ങൾ അന്നേ ദിവസം(08.03.2023) രാവിലെ 8 മണിക്കും ബാക്കിയുള്ളവ രാവിലെ 10 മണിക്കും ഈ കാര്യാലയത്തിൽ ഹാജരാകേണ്ടതും ട്രാൻസ്പോർട്ടേഷൻ കമ്മറ്റി കൺവീനർ ശ്രീ. ജോയ് കെ പി, സീനിയർ സൂപ്രണ്ട്- ന്റെ അടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. പരിപാടികൾ ആരംഭിക്കുന്നത് മുതൽ അവസാനിക്കും വരെ വാഹനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ബന്ധപ്പെട്ട സെക്ഷനിൽ റിപ്പോർട്ട് ചെയ്തതിന് ശേഷം മാത്രമേ വാഹനങ്ങൾ മടങ്ങി പോകുവാൻ പാടുള്ളൂ.

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും,
തിരുവനന്തപുരം

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

പകർപ്പ് :

1. സൂപ്രണ്ട്, ഡി സെക്ഷൻ

DWCD/293/2023-D1

I/84945/2023

2. സൂപ്രണ്ട്, IT സെക്ഷൻ
   ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്